# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ മഴക്കെടുതി രൂക്ഷം. 9 ജില്ലകളിൽ ചുവപ്പു ജാഗ്രത. ദുരിതാശ്വാസ പ്രവർത്തനം ഊർജിതമാക്കി സംസ്ഥാന സർക്കാർ.

   **Heavy Rain Havoc Escalates in Kerala; Red Alert Issued for 9 Districts as State Government Intensifies Relief Operations.**

2. നിക്ഷേപങ്ങളിലൂടെ തൊഴിലും അതുവഴി വികസനവുമാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Central Government Aims for Employment and Development Through Investment, Says Prime Minister Narendra Modi.**

3. സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിന്റെ അധിക ഗഡുവായി 1.09 ലക്ഷം കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു.

   **Central Government Releases Additional Installment of ₹1.09 Lakh Crore Tax Devolution to States**

4. രാജ്യത്ത് പത്തൊമ്പത് കിലോഗ്രാം വാണിജ്യ എൽ.പി.ജി സിലിണ്ടറിന്റെ വില 200 രൂപ കുറച്ചു.

   **Oil Companies Slash Price of 19-kg Commercial LPG Cylinder by ₹200.**

5. ലഹരിക്കെതിരെ യുവജനങ്ങളെ അണിനിരത്തുന്ന നശാമുക്ത് പ്രചാരണ പരിപാടിക്ക് രാജ്യത്ത് നാളെ തുടക്കമാകും.

**Nasha Mukt Abhiyaan to Mobilize Youth Against Drugs Begins Tomorrow.**

6. **കോമൺവെൽത്ത് ഗെയിംസ് വനിതാവിഭാഗം ബോക്സിങ്ങിൽ ഇന്ത്യക്ക് ഇരട്ട സ്വർണം.**

**India Bags Double Gold in Women's Boxing at Commonwealth Games.**

**&&&&&&&&&&&&&&&&&&**

## RAIN - KERALA

കേരളത്തിൽ അതിശക്തമായ മഴയ്ക്കൊപ്പം കെടുതികളും രൂക്ഷം. 9 ജില്ലകളിൽ ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയുമാണ്. കോട്ടയത്ത് രണ്ട് പേരുടെയും , ഇടുക്കിയിൽ ഒരാളുടെയും മലപ്പുറത്ത് രണ്ട് പേരുടെയും മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&&&&**

## KERALA CM-RAIN SITUATION

കേരളത്തിലെ മഴക്കെടുതി സാഹചര്യം മുഖ്യമന്ത്രി വി.ഡി.സതീശൻ, മന്ത്രിമാരുമായും കളക്ടർമാരുമായും വിലയിരുത്തി. ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാർ അതത് ജില്ലകളിൽ ക്യാമ്പ് ചെയ്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്ന് മുഖ്യമന്ത്രി നിർദേശം നൽകി. സംസ്ഥാനതല ഏകോപനം റവന്യൂ മന്ത്രി നിർവഹിക്കും. തിരുവനന്തപുരത്ത് മുതലപ്പൊഴിയിൽ കാണാതായ രണ്ടുപേർക്കായി കോസ്റ്റ് ഗാർഡും മറൈൻ എൻഫോഴ്സ്മെന്റും തിരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## PM-SWAMI VIVEKANANDA CULTURAL YOUTH CENTRE

മൈസൂരുവിൽ വിവേകാനന്ദ സാംസ്കാരിക യുവകേന്ദ്രമായ വിവേക സ്മാരകം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. 1892-ൽ സ്വാമി വിവേകാനന്ദൻ നടത്തിയ ചരിത്രപ്രസിദ്ധമായ മൈസൂരു സന്ദർശനത്തിന്റെ ഓർമ്മയ്ക്കായാണ് സ്മാരകം നിർമ്മിച്ചിരിക്കുന്നത്. വിവേക സ്മാരകത്തിലെ സ്വാമി വിവേകാനന്ദന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ പ്രധാനമന്ത്രി, അവിടെ ധ്യാനത്തിലിരിക്കുകയും വൃക്ഷ തൈ നടുകയും ചെയ്തു. കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, ഗവർണർ താവർചന്ദ് ഗെലോട്ട് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PM-ANDHRA (INTRO)

നിക്ഷേപങ്ങളിലൂടെ തൊഴിലും തൊഴിലിലൂടെ വികസനവുമാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആന്ധ്രാപ്രദേശിലെ ഭോഗാപുരത്ത് അല്ലൂരി സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവളം ഉദ്ഘാടനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. 18,000 കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് പ്രധാനമന്ത്രി ഇന്ന് സംസ്ഥാനത്ത് തുടക്കം കുറിച്ചത്.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## CENTRE- STATE INSTALMENT

സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിന്റെ അധിക ഗഡുവായി 1.09 ലക്ഷം കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. ഈ മാസം

10-ന് നൽകേണ്ട പതിവ് വിഹിതത്തിന് പുറമേയാണിത്. സംസ്ഥാനങ്ങളുടെ വികസന-മൂലധന ചെലവുകൾ വേഗത്തിലാക്കാനാണ് തുക മുൻകൂറായി നൽകിയതെന്ന് ധനമന്ത്രാലയം അറിയിച്ചു. ഉത്തർപ്രദേശിനാണ് ഏറ്റവും കൂടുതൽ തുക ലഭിച്ചത് 19,208 കോടി രൂപ. മറ്റ് സംസ്ഥാനങ്ങൾക്ക് ആനുപാതികമായ വിഹിതം കൈമാറിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## ITR-JULY 2026

2026-27 വർഷത്തേക്കുള്ള ആദായനികുതി റിട്ടേൺ സമർപ്പണം ജൂലൈ 31 വരെ 5.9 കോടി കടന്നതായി ആദായനികുതി വകുപ്പ് അറിയിച്ചു. നികുതിദായകരുടെ വിശ്വാസവും കൃത്യനിഷ്ഠയുമാണ് രാജ്യത്തിന്റെ വളർച്ചയ്ക്ക് ഇന്ധനമേകുന്നതെന്ന് വകുപ്പ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## GST-COLLECTION JULY

കഴിഞ്ഞ മാസത്തെ ചരക്കു സേവന നികുതിയിൽ മുൻ വർഷത്തെ അപേക്ഷിച്ച് 15.4 ശതമാനത്തിന്റെ വർദ്ധന. രണ്ട് ലക്ഷത്തി 11 ആയിരത്തി 205 കോടി രൂപയാണ് കഴിഞ്ഞ മാസത്തെ നികുതി സമാഹരണം. ധനമന്ത്രാലയം പുറത്തുവിട്ട പ്രാഥമിക കണക്കുകൾ പ്രകാരം, മൊത്ത ആഭ്യന്തര ജിഎസ്ടി വരുമാനം 1ലക്ഷത്തി 44,695 കോടി രൂപയായി; ഇത് മുൻവർഷത്തെ അപേക്ഷിച്ച് 10.1 ശതമാനം അധികമാണ്. ഇറക്കുമതിയിൽ നിന്നുള്ള ജിഎസ്ടി വരുമാനം 28.8 ശതമാനം വർധിച്ച് 66,511 കോടി രൂപയായി.

&&&&&&&&&&&&&&&&&

## COMMERCIAL LPG-PRICE REDUCED

രാജ്യത്ത് പത്തൊമ്പത് കിലോഗ്രാം വാണിജ്യ എൽ.പി.ജി സിലിണ്ടറിന്റെ വില എണ്ണ കമ്പനികൾ 200 രൂപ കുറച്ചു. വിലക്കുറവിന് ശേഷം ഡൽഹിയിൽ വാണിജ്യ എൽപിജി സിലിണ്ടറിന്റെ പുതിയ വില 2,738 രൂപയായി. കൊൽക്കത്തയിൽ 2,872 രൂപ അമ്പത് പൈസയും മുംബൈയിൽ 2,691 രൂപ അമ്പത് പൈസയും ചെന്നൈയിൽ രണ്ടായിരത്തി തൊണ്ണൂറ്റി ആറ് രൂപയുമാണ് പുതുക്കിയ വില. പുതിയ വില ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു.

&&&&&&&&&&&&&&&&&

## COMMON WEALTH GAMES

കോമൺവെൽത്ത് ഗെയിംസ് വനിതാവിഭാഗം ബോക്സിങ്ങിൽ ഇന്ത്യക്ക് ഇരട്ട സ്വർണനേട്ടം. പ്രീതി പവാറും ജയ്സ്മിൻ ലംബോറിയയുമാണ് രാജ്യത്തിനായി സുവർണ നേട്ടം കരസ്ഥമാക്കിയത്. ഫൈനലിൽ കാനഡയുടെ സ്കാർലറ്റ് ഡെൽഗാഡോയെ വീഴ്ത്തിയാണ് പ്രീതിയുടെ നേട്ടം. വടക്കൻ അയർലൻഡ് താരം മിക്കേല വാൽഷിനെ ഇടിച്ചിട്ടാണ് ജയ്സ്മിൻ സ്വർണം നേടിയത്. പുരുഷ വിഭാഗം ബോക്സിങ്ങിൽ ഇന്ത്യയുടെ ജാദുമണി സിങ് മന്ദെങ്ബാം ഓസ്ട്രേലിയയുടെ ജെയ് ഡിക്സനോട് പരാജയപ്പെട്ടതോടെ വെള്ളി മെഡൽകൊണ്ട് തൃപ്തിപ്പെട്ടു. അതേസമയം പുരുഷവിഭാഗം ട്രിപ്പിൾ ജംപിലും ഇന്ത്യക്ക് രണ്ടു മെഡൽ സ്വന്തമാക്കാനായി. പ്രവീൺ ചിത്രാവൽ വെള്ളിയും, സെൽവ പ്രഭു തിരുമാരൻ വെങ്കലവുമാണ് സ്വന്തമാക്കിയത്. F57 ഷോട്ട് പുട്ടിൽ ഇന്ത്യയുടെ സൊമൻ റാണയ്ക്ക് സ്വർണവും ശുഭം ജയ്യാൽ വെള്ളിയും നേടിയതോടെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 30 ആയി ഉയർന്നു.

&&&&&&&&&&&&&&&&&

## BADMINTON - TAIPEI OPEN

തായ്പേയ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ തൻവി ശർമ വനിതാ സിംഗിൾസ് ഫൈനലിൽ പ്രവേശിച്ചു. സെമിഫൈനലിൽ ചൈനീസ് താരത്തെ നേരിട്ടുള്ള ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് തൻവി ഫൈനലിൽ എത്തിയത്. വിയറ്റ്നാമിന്റെ തുയി ലിൻ എൻഗുയനാണ് ഫൈനലിൽ തൻവിയുടെ എതിരാളി.

&&&&&&&&&&&&&&&&&

## PM-NASHA MUKT ABHIYAN (INTRO)

ലഹരി ഉപയോഗത്തിനെതിരെ യുവാക്കളെ അണിനിരത്തുന്നതിനായി നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വീഡിയോ കോൺഫെറൻസിലൂടെ തുടക്കം കുറിക്കും.

ഒരു റിപ്പോർട്ട്......

(വോയിസ്)

## PM-NASHA MUKT ABHIYAN (VOICE)

നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് നാളെ തുടക്കമാകുന്നതോടെ 100 ആഴ്ച നീണ്ടുനിൽക്കുന്ന ജൻ ഭാഗിധാരി പ്രചാരണ പരിപാടിയും ആരംഭിക്കും. രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള യുവാക്കൾ പരിപാടിയിൽ പങ്കെടുക്കും. മൈ ഭാരത് സന്നദ്ധ സേവകർ, എൻ.എസ്.എസ്, യുവജന ക്ലബ്ബുകൾ, വിദ്യാലയങ്ങൾ, എൻ ജി ഓ കൾ, മറ്റ് സംഘടനകൾ തുടങ്ങിയവയും പരിപാടിയുടെ ഭാഗമാകും. ലഹരിമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിനായി രാജ്യത്തുടനീളം എല്ലാ ഞായറാഴ്ചകളിലും വിവിധ പരിപാടികൾ സംഘടിപ്പിക്കും. കായിക മത്സരങ്ങൾ, നടത്തം (walkathon), ധ്യാന സെഷനുകൾ,

സാംസ്കാരിക പരിപാടികൾ, ബോധവൽക്കരണ ക്യാമ്പെയ്നുകൾ, തെരുവ് നാടകങ്ങൾ, ചർച്ചാ വേദികൾ, കലാമത്സരങ്ങൾ എന്നിവയിലൂടെ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുകയാണ് ലക്ഷ്യം. ലഹരി ഉപയോഗം തടയുന്നതിനൊപ്പം സമൂഹത്തിൽ ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്നവരായി യുവാക്കളെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ഉദ്ദേശം.

ന്യൂസ് ഡെസ്ക് ആകാശവാണി..........

&&&&&&&&&&&&&&&&&

## TEXTILES-HANDLOOM DAY

പന്ത്രണ്ടാമത് ദേശീയ കൈത്തറി ദിനാഘോഷം ഈ മാസം ഏഴിന് രാഷ്ട്രപതി ഭവനിൽ നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ചടങ്ങിൽ മുഖ്യാതിഥിയാകും. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ഗിരിരാജ് സിംഗും പങ്കടുക്കും. ദേശീയ കൈത്തറി പുരസ്കാര വിതരണം, നാല് തപാൽ സ്റ്റാമ്പുകളുടെ പ്രകാശനം, കൈത്തറി ഉൽപ്പന്ന പ്രദർശനം, തത്സമയ നെയ്ത്ത് എന്നിവ ചടങ്ങിന്റെ ഭാഗമായി ഉണ്ടാകും. 1905-ൽ തുടക്കമിട്ട സ്വദേശി പ്രസ്ഥാനത്തിന്റെ ഓർമ്മയ്ക്കായാണ് ഓഗസ്റ്റ് 7 കൈത്തറി ദിനമായി ആചരിക്കുന്നത്.

&&&&&&&&&&&&&&&&&

## PSC EXAM

ഇടുക്കി കോട്ടയം പത്തനംതിട്ട ജില്ലകളിൽ ഇന്ന് നടത്തിയ പിഎസ്സി പരീക്ഷ എഴുതാൻ അവസരം ലഭിക്കാതിരുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും അവസരം നൽകുമെന്ന് അധികൃതർ അറിയിച്ചു. വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള കായികക്ഷമത പരീക്ഷ മാറ്റിവെച്ചതായി പി എസ് സി അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## SABARIMALA NIRAPUTHARI

പമ്പ നദിയിലെ വെള്ളപൊക്കം കണക്കിലെടുത്ത് നിറപുത്തരി ചടങ്ങുകൾക്ക് ശബരിമല നട തുറക്കുന്ന നാളെയും മറ്റെന്നാളും ശബരിമല ദർശനം നടത്താൻ തീരുമാനിച്ചിട്ടുള്ള ഭക്തർ കഴിവതും യാത്ര ഒഴിവാക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&

## NAVY-DEPUTY CHIEF

നാവിക സേന ഉപമേധാവിയായി വൈസ് അഡ്മിറൽ എ എൻ പ്രമോദ് സ്ഥാനമേറ്റു.1990 യിലാണ് ശ്രീ എ എൻ പ്രമോദ് നാവികസേനയിൽ അംഗമാകുന്നത്. 36 വർഷത്തെ സർവീസിനിടയിൽ സേനയിൽ വിവിധ കമാൻഡ്, നിർദേശക, കാര്യനിർവഹണ, നിയമന പദവികളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## DAY INDIA-CHINA TRADE

ഇന്ത്യയും ചൈനയും തമ്മിലുള്ള അതിർത്തി വ്യാപാരം സിക്കിമിലെ നാഥുലാ ചുരം വഴി പുനരാരംഭിച്ചു. ആറ് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് വ്യാപാരം വീണ്ടും തുടങ്ങുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തിൽ വലിയൊരു പുരോഗതിയാണിത്. തിങ്കൾ മുതൽ വ്യാഴം വരെയായിരിക്കും വ്യാപാരം നടക്കുക. രജിസ്റ്റർ ചെയ്ത വ്യാപാരികൾക്ക് പ്രതിദിനം 2 ലക്ഷം രൂപ വരെയുള്ള വ്യാപാരം നടത്താം.

&&&&&&&&&&&&&&&&&

## INDIA-RWANDA MEETING

ഇന്ത്യയും റുവാണ്ടയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം വിപുലമാക്കാൻ ധാരണയായി. ന്യൂഡൽഹിയിൽ നടന്ന പ്രഥമ ഇന്ത്യ-റുവാണ്ട ട്രേഡ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം. വിപണി ലഭ്യതയിലെ തടസ്സങ്ങൾ പരിഹരിക്കാനും തീരുനിച്ചു. മരുന്നുകൾ, യന്ത്രസാമഗ്രികൾ, വസ്ത്രങ്ങൾ എന്നിവയുടെ കയറ്റുമതി കൂട്ടാൻ ഇന്ത്യ താത്പര്യം പ്രകടിപ്പിച്ചു. പ്രധാന ധാതുക്കൾ, ഡിജിറ്റൽ സാങ്കേതികവിദ്യ, ആരോഗ്യം, കൃഷി എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിൽ സഹകരിക്കാനും ധാരണയായി.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&